ഉത്തരം

(എ & ബി) വൻതോതിലുള്ള വന്യമൃഗവേട്ട ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും അനധികൃത വന്യമൃഗവേട്ട തടയുന്നതിനും വന്യജീവി സംരക്ഷണത്തിനുമായി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കുക.

2. സംരക്ഷണ വിഭാഗം ജീവനക്കാരെ പട്രോളിംഗിനായി സജ്ജരാക്കുക, അവർക്ക് വാഹനം, വാർത്താവിനിമയോപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുക.

3. ബീറ്റ് സമ്പ്രദായം പരിഷ്ക്കരിച്ച്, 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ശേഷിക്കുന്ന പ്രശ്ന പ്രദേശങ്ങളിലും കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

4. പ്രശ്ന പ്രദേശങ്ങളിലെ സംരക്ഷണപ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും, 22 ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആയുധവാഹന വയർലെസ് സംവിധാനത്തോടു കൂടി പ്രവർത്തിക്കുന്നുണ്ട്.

5. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, വൈൽഡ് ലൈഫ് വാർഡർമാർക്കും സംരക്ഷണം സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും സംയുക്ത പട്രോളിംഗ് നടത്തുന്നതിനും സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കി വരുന്നു.

6. കൂടാതെ വന്യജീവി സംരക്ഷണസംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് 3 പ്രത്യേക കോടതികൾ നിലവിലുണ്ട്.

7. വനസംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുക.

മലയോര മേഖലകളിൽ കാട്ടാനശല്യം തടയുന്നതിന് നടപടി

67 (1122) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോരമേഖലകളിൽ കാട്ടാനശല്യം തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വനാതിർത്തിയിൽ കാട്ടാനശല്യം കൂടുതലുള്ള ഭാഗങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കിടങ്ങുകൾ കുഴിക്കുകയും വൈദ്യുത കമ്പിവേലി കെട്ടുകയും ചെയ്യുന്നുണ്ട്.

നഗരംപാറ റെയ്ഞ്ചിൽ വനംകൊള്ളയും മരംമുറിയും നടക്കുന്നതായ പരാതി

68 (1123) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ഹൈറെയിഞ്ച് സർക്കിളിൽ നഗരംപാറ റെയിഞ്ചിൽ വൈരമണി സെക്ഷനിൽ വനംകൊള്ളയും മരംമുറിയും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) വിജിലൻസിന്റെ അന്വേഷണത്തിൽ എത്രലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് മഹസ്സർ തയ്യാറാക്കിയിട്ടുണ്ട് ;

(ഇ) വനംകൊള്ള യഥാസമയം കണ്ടുപിടിക്കുന്നതിൽ വീഴ്ച വരുത്തിയതിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയതിനും പ്രസ്തുത റെയിഞ്ചിലെ റെയിഞ്ചർ, ഫോറസ്റ്റർ, ബാർക്കുകൾ എന്നിവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) വനംകൊള്ളയെ സംബന്ധിച്ച് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ജി) ഈ വനംകൊള്ളയെ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) തൊടുപുഴ താലൂക്കിൽ ഇടുക്കി വില്ലേജിൽ കുളമാവ് കരയിൽ വെളിയം കുന്നേൽ വീട്ടിൽ നാരായണൻ മകൻ സജി എന്ന ആളിൽ നിന്നും വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പരാതി ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 16,96,300 രൂപയുടെ നഷ്ടം സംഭവിച്ചതായി അഞ്ച് മഹസ്സറുകൾ തയ്യാറാക്കി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly